# യഥാസ്ഥാനപ്പെടുത്തലും പാപക്ഷമയും

സാക് പുന്നൻ

WFTW 11 സെപ്റ്റംബർ 2016

2 കൊരിന്ത്യർ 2 ൽ മുന്പ് (1 കൊരിന്ത്യർ 5ൽ ) പൗലൊസ് ശിക്ഷണത്തിനു വിധേയനാക്കിയ ഒരു സഹോദരന്റെ യഥാസ്ഥനപ്പെടുത്തലിനെ പറ്റി നാംവായിക്കുന്നു. ഇവിടെ പൗലൊസ് പറയുന്നു. 'ഇപ്പോൾ നിങ്ങൾ അവനെ തിരികെ സ്വീകരിക്കണം ( 2കൊരി 2:68)'. സഭയിലുള്ള മറ്റെല്ലാവരും അവനെ ഒഴിവാക്കിയപ്പോൾ ആ സഹോദരൻ അവന്റെ പാഠം പഠിച്ചു. തന്നെയുമല്ല പുറത്തുള്ള ലോകത്തിൽ എത്ര അന്ധകാരമാണെന്ന് അവൻ കാണുകയും ചെയ്തു. അവൻ കാര്യങ്ങൾ ശരിയാക്കുകയും തന്റെ പാപകരമായ വഴികൾ ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ അവൻ ഇപ്പോൾ നിരുത്സാഹപ്പെട്ടവനും വിഷണ്ണനുമായി അവന്റെ ഭവനത്തിൽ ഏകനായി ഇരിക്കുകയാണ്. പൗലൊസ് സഭയോട് അവനെ യഥാസ്ഥാനപ്പെടുത്തുന്നതിനായി ആവശ്യപ്പെട്ടു.

എല്ലാ ശിക്ഷണങ്ങളുടേയും ഉദ്ദേശ്യം ഒരു സഹോദരനെ ദൈവവും സഭയുമായുള്ള കൂട്ടായ്മയിലേക്ക് തിരികെ കൊണ്ടുവരിക എന്നതാണ്.ഒരു പിതാവ് തന്റെ കുഞ്ഞിനെ ശിക്ഷിക്കുന്നത് , അവനെ വീട്ടിൽ നിന്ന് പുറത്താക്കികളയുവാനല്ല, എന്നാൽ അവനെ അധികം നല്ല ഒരു മകനാക്കുവാനാണ്.ആ മകൻ വളർന്ന് ഒരു പുരുഷനും മത്സരിയുമാണെങ്കിൽ അപ്പോൾ ആ പിതാവ് അവനോട് വീടു വിട്ടു പോകുവാൻ പറഞ്ഞേക്കാം. എന്നാൽ അപ്രകാരമുള്ള ഒരു കാര്യത്തിൽ പോലും , ഒരിക്കൽ ആ മകൻ പഠിക്കേണ്ട പാഠം പഠിച്ചു കഴിഞ്ഞാൽ ( മുടിയൻ പുത്രനെ പോലെ ) പിതാവ് തിരികെ അവനെ വീട്ടിലേയ്ക്ക് സ്വാഗതം ചെയ്യും. ഇതാണ് പൗലൊസ് ഇവിടെ പറയുന്നത്. പൗലൊസ് പറയുന്നു ' നിങ്ങൾ ക്ഷമിക്കുന്നവനോട് ഞാനും ക്ഷമിക്കുന്നു' (2:10) അതിനു ശേഷം, അവിടെ നമുക്കെല്ലാവർക്കും വേണ്ടി ഒരു വചനമുണ്ട്. 'സാത്താൻ നമ്മെകൊണ്ട് മുതലെടുക്കാതിരിക്കേണ്ടതിന് നാം മറ്റുള്ളവരോട് ക്ഷമിക്കണം (2:11) ' അരോടെങ്കിലും ക്ഷമിക്കാതെ ജീവിക്കുന്നത് അങ്ങേയറ്റം അപകടകരമാണ്.

നിങ്ങളോട് ദോഷം ചെയ്തിട്ടുള്ള ആരോടെങ്കിലും നിങ്ങൾ ക്ഷമിക്കുന്നില്ലെങ്കിൽ , സാത്താന് നിങ്ങളുടെ ജീവിതം സശിപ്പിക്കുവാൻ കഴിയും. നിങ്ങളെ ഉപദ്രവിച്ചയാൾ പിന്നീട് മാനസാന്തരപ്പെടുകയും ദൈവരാജ്യത്തിൽ കടക്കുകയും ചെയ്യും . എന്നാൽ അവനോട് ഒരു ദോഷവും ചെയ്യാത്ത നിങ്ങൾ അവനോടു ക്ഷമിച്ചില്ല എന്ന കാരണത്താൽ നരകത്തിൽ പോകാനുള്ള സാധ്യതയുണ്ട്. തെറ്റുചെയ്തവൻ സ്വർഗ്ഗത്തിൽ പോകുകയും ആ തെറ്റിന്റെ ഫലം അനുഭവിച്ച നിങ്ങൾ നരകത്തിൽ പോകുകയും ചെയ്യുന്നത് അനീതിയായി തോന്നുന്നു. എന്നാൽ അയാൾ അനുതപിക്കുകയും നിങ്ങൾ അയാളോട് ക്ഷമിക്കാതിരിക്കുകയും ചെയ്താൽ അങ്ങനെ സംഭവിക്കാം.യേശു പറഞ്ഞു 'നിങ്ങൾ ആരോടെങ്കിലും ക്ഷമിച്ചില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങളോട് ക്ഷമിക്കുകയില്ല'. ( മത്തായി 6:15) നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോട് ക്ഷമിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് എങ്ങനെ സ്വർഗ്ഗത്തിൽ കടക്കുവാൻ കഴിയും. ? അതുകൊണ്ട് നിങ്ങൾ ആരോടെങ്കിലും ക്ഷമിക്കാതെ മരിക്കുകയാണെങ്കിൽ ഇവിടെ പറഞ്ഞിരിക്കുന്ന യേശുവിന്റെ വാക്കുകൾ പ്രകാരം , അതിനു മുൻപ് എത്ര നാളുകളായിട്ട് നിങ്ങൾ ഒരു വിശ്വസിയായിരുന്നു എന്നത് കണക്കാക്കാതെ നിങ്ങൾ നരകത്തിൽ പോകും . അതുകൊണ്ട് മറ്റുള്ളവർ നമ്മോട് എന്ത് ദ്രോഹം ചെയ്താലും , അവരോട് പെട്ടന്ന് തന്നെ ക്ഷമിക്കുന്ന ഒരു ശീലം നാം വളർത്തിയെടുക്കണം.അല്ലാത്ത പക്ഷം സാത്താൻ നമ്മുടെ മേൽ മുതലെടുക്കും.

പൗലൊസ് പറയുന്നു. 'നാം അവന്റെ തന്ത്രങ്ങൾ അറിയാത്തവരല്ലല്ലോ? (2 കോരി 2 : 11)'സാത്താൻ എപ്പോഴും നമ്മെ മറിച്ചിടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. സാത്താൻ നിരന്തരമായി മറ്റുള്ളവർ കഴിഞ്ഞകാലങ്ങളിൽ നമ്മോടു ചെയ്ത തിന്മകളെ നമ്മെ ഓർമ്മിപ്പിക്കുന്നത് എന്തിനാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? അവൻ നിങ്ങളോട് സഹതപിക്കുകയാണന്നാണോ നിങ്ങൾ ചിന്തിക്കുന്നത്. ? അവൻ നേരത്തെ തന്നെ നിങ്ങളെ ഉപദ്രവിക്കേണ്ടതിന് മറ്റേ വ്യക്തിയെ കൈക്കാലാക്കിയിരിക്കുകയാണ്. ഇപ്പോൾ അവൻ നിങ്ങളെയും കൂടി പിടിയിലാക്കാൻ ആഗ്രഹിക്കുന്നു. അവന്റെ തന്ത്രങ്ങളെ കുറിച്ച് അറിവില്ലാതിരിക്കരുത് എല്ലാവരോടും ക്ഷമിക്കുക.

ഒരിക്കൽ ഒരു സഹോദരൻ എന്റെ അടുക്കൽ വന്നിട്ട് ആരോ ഒരാൾ അവനോട് അനേകം തിന്മയായ കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്ന് എന്നോട് പരാതി പറഞ്ഞു. ഞാൻ അവനോട് ചോദിച്ചു. 'അവൻ ഇതുവരെ നിങ്ങളെ ക്രൂശിച്ചിട്ടുണ്ടോ? അവൻ പറഞ്ഞു ഇല്ല അതുകൊണ്ട് ഞാൻ അവനോട് പറഞ്ഞു ' അപ്പോൾ യേശുവിനെ അനുഗമിക്കുന്ന കാര്യത്തിൽ നിങ്ങൾക്ക് ഇനിയും ദീർഘദൂരം പോകേണ്ടതുണ്ട്. കാരണം അവിടുന്ന് തന്നെ ക്രൂശിച്ചവരോടു പോലും ക്ഷമിച്ചു'.

'ക്രിസ്തുവിൽ ഞങ്ങളെ എല്ലായ്പ്പോഴും ജയോത്സവമായി നടത്തുന്ന ദൈവത്തിനു സ്തോത്രം' എന്ന് 2:14 ൽ കാണുന്ന പൗലൊസിന്റെ സാക്ഷ്യം അനേക വർഷങ്ങൾക്ക് മുൻപ് ഒരു വെല്ലുവിളിയായി എന്നിലേയ്ക്ക് വന്നുപ്രത്യേകിച്ച് 'എല്ലായിപ്പോഴും' എന്ന വാക്ക് അത് സാധ്യമാണോ എന്ന് ഞാൻ അദ്ഭുതപ്പെട്ടു. പൗലൊസ് സ്ഥിരമായ ജയാത്സവം അനുഭവിച്ചു. എന്നിട്ട് അപ്രകാരം ഒരു ജീവിതം നൽകിയതിന് ദൈവത്തിന് നന്ദി പറഞ്ഞു. അദ്ദേഹം തന്റെ തന്നെ ശക്തിയിൽ ജയോത്സവമായി നടന്നു എന്നല്ല അദ്ദേഹം പറഞ്ഞത് അല്ല ദൈവമാണ് അവരെ എല്ലായ്പ്പോഴും ജയോത്സവമായി നടത്തിയത് എന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് പൈലൊസ് ഒരു ജയാളി ആയിരുന്നു. അദ്ദേഹം പൂർണ്ണനായിരുന്നില്ല . അദ്ദേഹത്തിന് കൂടെ കൂടെ അബദ്ധം പറ്റുമായിരുന്നു. തന്റെ ജീവിതത്തിന്റെ അവസാനത്തോടടുത്ത് ഒരിക്കൽ മഹാ പുരോഹിതനോട് കോപിക്കുകയും കയർത്ത് സംസാരിക്കുകയും ചെയ്തു (അപ്പോ പ്രവ്വ (23:3) എന്നാൽ തന്റെ പാപത്തെകുറിച്ച് ബോധ്യം ഉണ്ടായ ഉടനെ തന്നെ അദ്ദേഹം തന്നത്താൻ താഴ്ത്തുകയും ക്ഷമ ചോദിക്കുകയും ചെയ്തു. അങ്ങനെ ദൈവവുമായുള്ള കൂട്ടായ്മ പെട്ടന്ന് തന്നെ യഥാസ്ഥാനപ്പെടുത്തുകയും അദ്ദേഹം നിരന്തരമായി ഒരു ജയജീവിതം ജീവിക്കുകയും ചെയ്തു.